Page 1 of 1

താലൂക്ക്	റേഷൻ കടകളുടെ എണ്ണം
വൈത്തിരി	92
സുൽത്താൻ ബത്തേരി	122
മാനന്തവാടി	99
ആകെ	313

വാടക കെട്ടിടത്തിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ്

267 (267) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക കെട്ടിടത്തിൽ താമസിക്കുന്നവർക്ക് കെട്ടിട ഉടമ നൽകുന്ന എഗ്രിമെന്റ് ഇല്ലെങ്കിലും റേഷൻ കാർഡ് അനുവദിക്കും എന്ന പ്രഖ്യാപനം നടപ്പിലായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് നൽകാമോ;

(സി) ഇല്ലെങ്കിൽ ഉത്തരവിറക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

(എ-സി) വാടക കെട്ടിടത്തിൽ താമസിക്കുന്നവർക്ക് വാടകച്ചീട്ടോ കെട്ടിട ഉടമയുടെ സമ്മതപത്രമോ ഇല്ലാതെ സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം സമർപ്പിക്കുന്നപക്ഷം ആധാർകാർഡ് പരിശോധിച്ച് മറ്റേതെങ്കിലും റേഷൻകാർഡിൽ പേരില്ലെന്ന് ഉറപ്പുവരുത്തി പുതിയ റേഷൻ കാർഡ് അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

കോങ്ങാട് മണ്ഡലത്തിലെ റേഷൻ കാർഡുടമകൾ

268 (268) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് നിയോജകമണ്ഡലത്തിലെ ഒൻപത് ഗ്രാമപഞ്ചായത്തുകളിലായി നിലവിൽ എത്ര റേഷൻകാർഡ് ഉടമകളുണ്ടെന്നും അതിൽ എത്ര കാർഡുകൾ മുൻഗണനാ വിഭാഗങ്ങളിൽ ഉൾപ്പെടുന്നുവെന്നും തരംതിരിച്ച് വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly